# ഈദുൽ അദ്ഹയിൽ നിന്ന് നേടേണ്ടത്...

എം. എം. അക്ബർ

ഒരു ബലിപെരുന്നാളിന് കൂടി നാം സാക്ഷികളായി; ഒരിക്കൽകൂടി ത്യാഗിവര്യനായ ഇബ്റാഹീം നബി(അ)യുടെ സ്മരണകൾ നമ്മുടെ മനസ്സിനെ ദീപ്തമാക്കി; ഇനിയൊരു ബലിപെരുന്നാൾ നമ്മിൽ ആരുടെയെല്ലാം ജീവിതത്തിലുണ്ടാകുമെന്ന് നമുക്കാർക്കുമറിയില്ല. നമ്മുടെയെല്ലാം വിശ്വാസത്തിൻെറ ഉറപ്പും കരുത്തും പരിശോധിക്കുവാനാണ് ഈദുൽ അദ്ഹാ നിമിത്തമാകേണ്ടത്. തൗഹീദീ ജീവിതത്തിലൂടെ നേടിയെടുക്കേണ്ട നിർഭയത്വവും സുരക്ഷിതത്വവും നേടിയെടുക്കുവാൻ നമുക്കെത്രമാത്രം കഴിഞ്ഞിട്ടുണ്ടെന്ന സ്വയം വിമർശനത്തിൻെറ പെരുന്നാൾകൂടിയാണ് ഈദുൽ അദ്ഹാ.

തൗഹീദ് എങ്ങനെയാണ് ഒരാളെ നിർഭയനും അല്ലാഹുവിൻെറ സുരക്ഷിതത്വത്തിൽ ഭരമേൽപിക്കുന്നവനുമാക്കിത്തീർക്കുകയെന്ന് ഇബ്റാഹീം നബി(അ)യുടെ ചരിത്രം വ്യക്തമാക്കുന്നുണ്ട്. പ്രപഞ്ചത്തിൻെറയും പ്രകൃതിയുടെയും ഏകനായ വിധാതാവിൽ വിശ്വസിക്കുന്ന ഒരാളെ സംബന്ധിച്ചിടത്തോളം വിഗ്രഹങ്ങളെയോ വ്യാജ ദൈവങ്ങളെയോ സിദ്ധന്മാരെയോ ഒന്നും ഭയപ്പെടേണ്ട കാര്യമില്ല. സംഭവിക്കുന്നതെല്ലാം ദൈ വികവ്യവസ്ഥയുടെ അലംഘനീയമായ വിധിപ്രകാരമുള്ള കാര്യങ്ങളാണെന്നും തൻെറ ചെയ്തികൾ ശരിയാണെങ്കിൽ പിന്നെ സ്രഷ്ടാവിനെയല്ലാതെ മറ്റാരെയും താൻ ഭയക്കേണ്ടതില്ലെന്നുമുള്ള ബോ ധമാണ് വിഗ്രഹപൂജകരെ വെല്ലുവിളിക്കുവാനും നക്ഷത്രാരാധകരു മായി സംവദിക്കുവാനും ചക്രവർത്തിയോടുപോലും ഒട്ടും കൂസലില്ലാതെ സത്യം തുറന്നുപറയാനുമുള്ള ധൈര്യം ഇബ്റാഹീമിന് നൽകിയത്. അഗ്നിപരീക്ഷകളെ പോലും യാതൊരു സങ്കോചവുമില്ലാ തെ നേരിടാൻ അദ്ദേഹത്തെ പര്യാപ്തമാക്കിയതും ഈ വിശ്വാസദാർഢ്യം തന്നെ. നാലു സഹസ്രാബ്ദങ്ങൾക്കുമുമ്പ് തൗഹീദ് എങ്ങനെയാണ് ഒരാളെ നിർഭയനാക്കിയതെന്ന് വ്യക്തമാക്കുന്ന ഖുർആൻ സൂക്തങ്ങൾ നോക്കുക:

‘‘അദ്ദേഹത്തിൻെറ ജനത അദ്ദേഹവുമായി തർക്കത്തിലേർപ്പെടുകയുണ്ടായി.അദ്ദേഹം പറഞ്ഞു: അല്ലാഹുവിൻെറ കാര്യത്തിൽ നിങ്ങളെന്നോട് തർക്കിക്കുകയാണോ? അവനാകട്ടെ എന്നെ നേർവഴിയിലാക്കിയിരിക്കയാണ്. നിങ്ങൾ അവനോട് പങ്കുചേർക്കുന്ന യാ തൊന്നിനെയും ഞാൻ ഭയപ്പെടുന്നില്ല. എൻെറ രക്ഷിതാവ് ഉദ്ദേശി ക്കുന്നതെന്തോ അതല്ലാതെ (സംഭവിക്കുകയില്ല). എൻെറ രക്ഷിതാ വിൻെറ ജ്ഞാനം സർവകാര്യങ്ങളെയും ഉൾക്കൊള്ളാൻ മാത്രം വിപുലമായിരിക്കുന്നു. നിങ്ങളെന്താണ് ആലോചിച്ചുനോക്കാത്തത്? നിങ്ങൾ (അല്ലാഹുവോട്) പങ്കുചേർത്തതിനെ ഞാൻ എങ്ങനെ ഭയ പ്പെടും? നിങ്ങളാകട്ടെ, അല്ലാഹു നിങ്ങൾക്ക് യാതൊരു പ്രമാണവും നൽകിയിട്ടില്ലാത്ത വസ്തുക്കളെ അവനോട് പങ്കുചേർക്കുന്നതി നെപ്പറ്റി ഭയപ്പെടുന്നുമില്ല. അപ്പോൾ രണ്ടു കക്ഷികളിൽ ആരാണ് നിർഭയരായിരിക്കാൻ കൂടുതൽ അർഹതയുള്ളവർ?(പറയൂ;) നിങ്ങ ൾക്കറിയാമെങ്കിൽ’’ (6:80-81).

‘‘അങ്ങനെ രാത്രി അദ്ദേഹത്തെ (ഇരുട്ടുകൊണ്ട്) മൂടിയപ്പോൾ അദ്ദേഹം ഒരു നക്ഷത്രം കണ്ടു. അദ്ദേഹം പറഞ്ഞു: ഇതാ, എൻെറ രക്ഷിതാവ്! എന്നിട്ട് അത് അസ്തമിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: അസ്തമിച്ചുപോകുന്നവരെ ഞാൻ ഇഷ്ടപ്പെടുന്നില്ല. അനന്തരം ചന്ദ്രൻ ഉദിച്ചുയരുന്നതുകണ്ടപ്പോൾ അദ്ദേഹം പറഞ്ഞു: ഇതാ, എൻെറ രക്ഷിതാവ്! എന്നിട്ട് അതും അസ്തമിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: എന്റെ രക്ഷിതാവ് എനിക്ക് നേർവഴി കാണിച്ചുതന്നില്ലെങ്കിൽ തീർച്ചയായും ഞാൻ വഴിപിഴച്ച ജനവിഭാഗത്തിൽപെട്ടവനായിത്തീരും. അനന്തരം സൂര്യൻ ഉദിച്ചുയരുന്നതായി കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു: ഇതാ എന്റെ രക്ഷിതാവ്! ഇതാണ് ഏറ്റവും വലുത്!! അങ്ങനെ അതും അസ്തമിച്ചുപോയപ്പോൾ അദ്ദേഹം പറഞ്ഞു: എന്റെ സമുദായമേ, നിങ്ങൾ (ദൈവത്തോട്) പങ്കുചേർക്കുന്നതിൽ നിന്നെല്ലാം തീർച്ചയായും ഞാൻ ഒഴിവാകുന്നു. തീർച്ചയായും ഞാൻ നേർമാർഗത്തിൽ ഉറച്ചുനിന്നുകൊണ്ട് എന്റെ മുഖം ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചവനിലേക്ക് തിരിച്ചിരിക്കുന്നു. ഞാൻ ബഹുദൈവ വാദികളിൽപെട്ടവനേ അല്ല’’ (6:76-79).

‘‘ഇബ്റാഹീമിനോട് അദ്ദേഹത്തിൻെറ നാഥൻെറ കാര്യത്തിൽ തർക്കിച്ചവനെപ്പറ്റി നീ അറിഞ്ഞില്ലേ? അല്ലാഹു അവന് ആധിപത്യം നൽകിയതിനാലാണ് (അവനതിന് മുതിർന്നത്). എൻെറ നാഥൻ

ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നവനാകുന്നു എന്ന് ഇബ്‌റാഹീം പറഞ്ഞപ്പോള്‍ ഞാനും ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നുവല്ലോ എന്നാണവന്‍ പറഞ്ഞത്. ഇബ്‌റാഹീം പറഞ്ഞു: എന്നാല്‍, അല്ലാഹു സൂര്യനെ കിഴക്കുനിന്ന് കൊണ്ടുവരുന്നു. നീയതിനെ പടിഞ്ഞാറുനിന്ന് കൊണ്ടുവരിക. അപ്പോള്‍ ആ സത്യനിഷേധിക്ക് ഉത്തരം മുട്ടിപ്പോയി.അക്രമികളായ ജനതയെ അല്ലാഹു നേര്‍ വഴിയിലാക്കുകയില്ല'' (2:258).

''എന്നാല്‍, അവര്‍ (ദൈവങ്ങള്‍) എന്റെ ശത്രുക്കളാകുന്നു; ലോകരക്ഷിതാവ് ഒഴികെ. അതായത് എന്നെ സൃഷ്ടിച്ച് എനിക്ക് മാര്‍ഗദര്‍ശനം നല്‍കിക്കൊണ്ടിരിക്കുന്നവന്‍.എനിക്ക് ആഹാരം തരികയും കുടിനീര്‍ തരികയും ചെയ്യുന്നവന്‍. എനിക്ക് രോഗം ബാധിച്ചാല്‍ അവനാണ് എന്നെ സുഖപ്പെടുത്തുന്നത്. എന്നെ മരിപ്പിക്കുകയും പിന്നീട് ജീവിപ്പിക്കുകയും ചെയ്യുന്നവന്‍. പ്രതിഫലത്തിന്റെ നാളില്‍ ഏതൊരുവന്‍ എന്റെ തെറ്റ് പൊറുത്തുതരുമെന്ന് ഞാന്‍ ആശിക്കുന്നുവോ അവന്‍'' (26:77-82).

ശുദ്ധമായ ഏകദൈവ വിശ്വാസംവഴി സംസ്‌കരിക്കപ്പെടുകയും അല്ലാഹുവില്‍ സകലതും ഭരമേല്‍പിക്കുകവഴി നിര്‍ഭയനാവുകയും ചെയ്ത ഇബ്‌റാഹീം(അ) തന്റെ പ്രബോധനപാതയില്‍ നേരിടേ ണ്ടിവന്ന അഗ്നി പരീക്ഷ യെപോലും മനസ്സ് അല്‍പംപോലും ചഞ്ച ലപ്പെടാതെയാണ് നേരിട്ടത്:

''അദ്ദേഹം പറഞ്ഞു: അപ്പോള്‍ നിങ്ങള്‍ക്ക് യാതൊരു ഉപകാരമോ ഉപദ്രവമോ ചെയ്യാത്ത വസ്തുക്കളെ അല്ലാഹുവിന് പുറമെ നിങ്ങള്‍ ആരാധിക്കുകയാണോ. നിങ്ങളുടെയും, അല്ലാഹുവിന് പുറമെ നിങ്ങള്‍ ആരാധിക്കു ന്നവരുടെയും കാര്യം അപഹാസ്യംതന്നെ. നിങ്ങള്‍ ചിന്തിക്കുന്നില്ലേ? അവര്‍ പറഞ്ഞു: നിങ്ങള്‍ക്ക് (വല്ലതും) ചെയ്യാനാ കുമെങ്കില്‍ നിങ്ങള്‍ ഇവനെ ചുട്ടെരിച്ച് കളയുകയും, നിങ്ങളുടെ ദൈവങ്ങളെ സഹായിക്കുകയും ചെയ്യുക. നാം പറഞ്ഞു: തീയേ, നീ ഇബ്‌റാഹീമിന് തണുപ്പും സമാധാനവുമായിരിക്കുക. അദ്ദേഹ ത്തിന്റെ കാര്യത്തില്‍ ഒരു തന്ത്രം പ്രയോഗിക്കാന്‍ അവര്‍ ഉദ്ദേശിച്ചു. എന്നാല്‍ അവരെ ഏറ്റവും നഷ്ടംപറ്റിയവരാക്കുകയാണ് നാം ചെയ് തത്'' (21:66-70).

''അവര്‍ (അന്യോന്യം) പറഞ്ഞു: നിങ്ങള്‍ അവന്ന് (ഇബ്‌റാഹീമിന്) വേണ്ടി ഒരു ചൂള പണിയുക. എന്നിട്ട് അവനെ ജ്വലിക്കുന്ന അഗ്നിയില്‍ ഇട്ടേക്കുക. അങ്ങനെ അദ്ദേഹത്തിന്റെ കാര്യത്തില്‍ ഒരു തന്ത്രം ഉദ്ദേശിച്ചു. എന്നാല്‍ നാം അവരെ ഏറ്റവും അധമന്മാരാ ക്കുകയാണ് ചെയ്തത്. അദ്ദേഹം പറഞ്ഞു: തീര്‍ച്ചയായും ഞാന്‍ എന്റെ രക്ഷിതാവിങ്കലേക്ക് പോവുകയാണ്. അവന്‍ എനിക്ക് വഴി കാണിക്കുന്നതാണ്'' (37:97-99).

ജിഹാദിനെക്കുറിച്ച് പരാമര്‍ശിച്ചപ്പോള്‍ ''അതാണ് നിങ്ങളുടെ പൂര്‍വപിതാവായ ഇബ്‌റാഹീമിന്റെ മാര്‍ഗം'' (22:78) എന്നാണ് ഖുര്‍ആന്‍ പറഞ്ഞത്. പ്രവാചകന്മാര്‍ അടക്കമുള്ള മുഴുവന്‍ മുജാഹിദുകള്‍ക്കും മാതൃകയാണ് ഇബ്‌റാഹീം നബി(അ)യുടെ ജീവിതം. ആരോടെങ്കിലും സായുധസമരം നടത്തിയല്ല ഇബ്‌റാഹീം(അ) മുജാഹിദുകള്‍ക്ക് മാതൃകയായത്. പ്രത്യുത, അന്ധവിശ്വാസങ്ങളുടെ കോട്ടകൊത്തളങ്ങളിലേക്ക് നിര്‍ഭയത്വത്തോടെ കടന്നുചെന്ന് ദൈവികമതത്തിന്റെ സന്ദേശ പ്രചാരണം നടത്തിക്കൊണ്ടാണ്. ആ നിര്‍ഭയത്വം നേടിയെടുക്കാനാണ് പ്രബോധകര്‍ പരിശ്രമിക്കേണ്ടത്. ആള്‍ദൈവങ്ങളും രോഗശാന്തി ശുശ്രൂഷകരും ശവകുടീരവ്യവസായികളും ഹോള്‍സെയില്‍ ആത്മീയതയുടെ ഗുരുക്കന്മാരും കയ്യടക്കിവെച്ചിരിക്കുന്ന (കപട)ആത്മീയതയുടെ ലോകത്തിലേക്ക് ദൈവസമര്‍പ്പണമെന്ന യഥാര്‍ഥ ആത്മീയതയുടെ യഥാരൂപത്തിലുള്ള പ്രബോധകരായി കടന്നുചെല്ലാനുള്ള ആത്മാര്‍ഥതയും അര്‍പ്പണബോധവും നേടിയെടുക്കുവാനാണ് ഈദുല്‍ അദ്ഹ നമുക്ക് പ്രചോദനമാകേണ്ടത്. അല്ലാഹു അനുഗ്രഹിക്കട്ടെ (ആമീന്‍).